**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5469** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.-യ്ക്ക് പദ്ധതി വിഹിതമായി അനുവദിച്ച തുക**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എൻ. ഷംസുദ്ദീൻ</th><th colspan="2">ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് പദ്ധതി വിഹിതമായി അനുവദിച്ച തുക എത്രയാണ്; ഇതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ;</td><td>(എ)</td><td>2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പദ്ധതി വിഹിതമായി 106 കോടി രൂപ വകയിരുത്തുകയും, നാളിതുവരെ 12.51 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ നിന്നും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ 10.11 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായി വകയിരുത്തിയ തുകയിൽ മിച്ചമുള്ള തുക അനുവദിക്കണമെന്ന് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിഗണനയിലാണ്. വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br>
<table>
<tr><th>പദ്ധതിയുടെ പേര്</th><th>വിനിയോഗിച്ച തുക</th></tr>
<tr><td>വർക്ഷോപ്പുകളുടെയും, ഡിപ്പോകളുടെയും ആധുനികവൽക്കരണവും, നവീകരണവും</td><td>3.51</td></tr>
<tr><td>സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണവും ഇ-ഗവേണൻസും</td><td>5.90</td></tr>
<tr><td>ജീവനക്കാരുടെ പരിശീലനം</td><td>0.70</td></tr>
<tr><td>ആകെ</td><td>10.11</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിച്ച വായ്പ വിഹിതത്തിൽ നിന്നും നാളിതുവരെ എത്ര കോടി രൂപ കൈപ്പറ്റിയിട്ടുണ്ട്; കൈപ്പറ്റിയ തുക ചെലവഴിച്ചതിന്റെ വിശദാംശം നൽകുമോ?</td><td>(ബി)</td><td>2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ വിഹിതമായി നാളിതുവരെ 1342.13 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ കൈപ്പറ്റിയ തുക പൂർണ്ണമായും, ശമ്പളം, പെൻഷൻ മുതലായ പ്രവർത്തന ചെലവുകൾ നിർവ്വഹിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ